# പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5998

8-7-2013-ൽ മറുപടിക്ക്

## പുതിയ കെട്ടിട നമ്പർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) കെട്ടിടങ്ങൾക്ക് നമ്പർ പതിക്കുന്ന നടപടി അവസാനമായി ചെയ്തത് ഏതു വർഷമാണ് ; | (എ) ഗ്രാമപഞ്ചായത്തുകളിൽ 2011-ലാണ് നമ്പർ പതിക്കുന്ന നടപടി അവസാനമായി ചെയ്തത്. എന്നാൽ സംസ്ഥാനത്തെ കെട്ടിടങ്ങൾ ഏകീകരിച്ച രീതിയിലുള്ള നമ്പർ പ്ലേറ്റ് പതിക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും 3-2-2006 ലെ 315/2006/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പുതിയ കെട്ടിട നമ്പർ പതിക്കുമ്പോൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് രേഖകളിൽ കൃത്യസമയത്ത് മാറ്റം വരുത്താറുണ്ടോ ; | (ബി) 2011-ലെ വസ്തുനികുതി പരിഷ്കരണത്തിലെ നികുതി നിർണ്ണയം നടപ്പിലാക്കുന്നമുറയ്ക്ക് ഗ്രാമ പഞ്ചായത്ത് രേഖകളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) പുതുതായി നമ്പർ ലഭിച്ച കെട്ടിടങ്ങളുടെ നികുതി കൃത്യ സമയത്ത് അടയ്ക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | കെട്ടിടനികുതി അടയ്ക്കുന്നവർക്ക് നൽകുന്ന രസീതുകളിൽ ഇപ്പോഴും പഴയ കെട്ടിട നമ്പർ രേഖപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | ഗ്രാമപഞ്ചായത്ത് രേഖകളിലും കെട്ടിട നികുതി അടയ്ക്കുന്ന രസീതുകളിലും പുതിയ നമ്പർ രേഖപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? വിശദമാക്കുമോ ? | (ഇ) | 1993-ലാണ് ഗ്രാമപഞ്ചായത്തുകളിൽ അവസാനമായി വസ്തു നികുതി പരിഷ്കരിച്ചത്. കെട്ടിടത്തിന്റെ വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചിരുന്ന രീതി ഒഴിവാക്കുകയും തൽസ്ഥാനത്ത് തറ വിസ്തീർണ്ണവും മറ്റുഘടകങ്ങളും അടിസ്ഥാനമാക്കി വസ്തു നികുതി നിർണ്ണയിക്കുന്നതിനായുള്ള പുതിയ ചട്ടങ്ങൾ 2011-ൽ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ നികുതി-ദായകർക്ക് ഇത് 2011 ജനുവരി 14 മുതൽ പ്രാബല്യത്തിൽ ബാധകമാക്കിയിട്ടു ള്ളതുമാണ്. എന്നാൽ വാർഷിക വാടക മൂല്യം അടിസ്ഥാനമാക്കി നികുതി നൽകുന്നവർക്ക് പുതിയ നിരക്കിലുള്ള വസ്തുനികുതി പരിഷ്ക്കരണം 1-4-2013 തീയതി പ്രാബല്യത്തിലാണ് ബാധകമാക്കിയിട്ടുള്ളത്. വസ്തു നികുതി പരിഷ്ക്കരണ നടപടികൾ ഗ്രാമപഞ്ചായത്തുകളിൽ പൂർത്തി യാകുന്ന മുറയ്ക്ക് പുതിയ നമ്പർ രേഖപ്പെടുത്തുന്നതിവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ